**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3879** — **28-06-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അധ്യാപകർ ഉൾപ്പടെ മൊത്തം സർക്കാർ ജീവനക്കാർ എത്രയായിരുന്നു എന്നറിയിക്കാമോ; ഈ കാലയളവിൽ റിട്ടയർ ചെയ്തവർ എത്ര; നിലവിൽ എത്ര സർക്കാർ ജീവനക്കാരുണ്ട്; വിശദമാക്കാമോ; | (എ) | 2021-22-ലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ എസ്റ്റിമേറ്റുകളുടെ അനുബന്ധം I (സ്റ്റാഫിന്റ വിശദാംശങ്ങൾ) പ്രകാരം ആകെ ജീവനക്കാരുടെ എണ്ണം 522223 ആയിരുന്നു 2024-25-ലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ എസ്റ്റിമേറ്റുകളുടെ അനുബന്ധം I (സ്റ്റാഫിന്റ വിശദാംശങ്ങൾ) പ്രകാരം ആകെ ജീവനക്കാരുടെ എണ്ണം 526726 ആണ്.<br><br>2021 മെയ് മാസം മുതൽ 2024 മെയ് മാസ വരെ സ്പാർക്ക് ആപ്ലിക്കേഷനിൽ ലഭ്യമായ കണക്കുകൾ പ്രകാരം വിരമിച ജീവനക്കാരുടെ എണ്ണം 65401 ആണ്. |
| (ബി) | ജീവനക്കാർക്കും അധ്യാപകർക്കും ശമ്പള പരിഷ്കരണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) | എങ്കിൽ ഏത് കാലഘട്ടം മുതലാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ഡി) | സംസ്ഥാനത്തെ പെൻഷൻകാർക്ക് കൊടുത്തു തീർക്കാനുള്ള കഴിഞ്ഞ ശമ്പള പരിഷ്കരണ കാലഘട്ടത്തിലെ ആനുകൂല്യങ്ങൾ മുഴുവനും നൽകി തീർത്തോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ മൂന്ന് ഗഡുകൾ ഇതിനോടകം അനുവദിച്ചിട്ടുണ്ട്. അവസാന ഗഡു പെൻഷൻ പരിഷ്കരണ കുടിശ്ശിക വിതരണം ചെയ്യുന്ന കാര്യം സർക്കാരിന്റെ പരിഗണനാ വിഷയമാണ്. |

സെക്ഷൻ ഓഫീസർ